(ബി) ഈ കാര്യത്തിൽ സ്ഥലം എം.എൽ.എ. നൽകിയിട്ടുള്ള നിവേദനങ്ങളിൻമേൽ സ്വീകരിച്ച മേൽ നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ, നിലവിലുള്ള മാനദണ്ഡമനുസരിച്ച് കായംകുളം കേന്ദ്രമായി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ തുടങ്ങുവാൻ വേണ്ട ഉപഭോക്താക്കളില്ലായെന്ന് കണ്ടെത്തുകയുണ്ടായി. എങ്കിലും കായംകുളം താപനിലയം സ്ഥിതിചെയ്യുന്ന പ്രദേശം എന്ന പരിഗണനയിൽ പുതിയ ഡിവിഷനുകൾ രൂപീകരിക്കുന്ന ഘട്ടത്തിൽ ഇക്കാര്യം പരിഗണിക്കുവാൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഊർജ്ജ സംരക്ഷണം

88(991) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച സ്ഥാപനങ്ങൾ ഉണ്ടോ ;

(ബി) ഇത്തരത്തിലുള്ള സർക്കാർ/സ്വകാര്യസ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ എല്ലാ ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് ഊർജ്ജ സംരക്ഷണം നിർബന്ധമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഊർജ്ജ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിക്കുന്ന വ്യവസായശാലകൾക്ക് 1992 മുതൽ വിവിധ വിഭാഗങ്ങളിൽ സർക്കാർതല അവാർഡുകൾ നൽകി വരുന്നു. കൂടാതെ, ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി, ആപേക്ഷിക ഊർജ്ജ ഉപഭോഗത്തിൽ കൈവരിക്കുന്ന ലാഭത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി നിരക്കിൽ ഇളവുകൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി 1992 മുതൽ മൂന്ന് വർഷത്തിലൊരിക്കൽ എനർജി ആഡിറ്റ് നടത്തി ഊർജ്ജ ലാഭം കൈവരിക്കുന്ന ഉപാധികൾ നടപ്പിലാക്കേണ്ടത് നിർബന്ധമാക്കിയിട്ടുണ്ട്.

വൈദ്യുതി ബോർഡ് ജീവനക്കാരുടെ പെൻഷൻ

89(992) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി രാധാരാഘവൻ :

LIBRARY ARCHIVES Kerala Legislative Assembly